# അങ്കമാലി പ്രവാസി അസോസിയേഷൻ കൂവൈറ്റ് (APAK)

## നിയമാവലി

1. a) ഈ സംഘടനയുടെ പേര് "അങ്കമാലി പ്രവാസി അസോസിയേഷൻ കുവൈറ്റ്" (APAK) എന്നായിരിക്കുന്നതാണ്.

b) അംഗങ്ങളുടേയും അവരുടെ ആശ്രിതരുടേയും സാമൂഹ്യവും, സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുക എന്നുള്ളതായിരിക്കണം സംഘടനയുടെ ലക്ഷ്യം

c) അങ്കമാലി നിയമസഭാ മണ്ഡലത്തിലെ അങ്കമാലി മുൻസിപ്പാലിറ്റിയിലെയും, കറുകുറ്റി, മൂക്കന്നൂർ, മഞ്ഞപ്ര, അയ്യംപുഴ, കാലടി, പാറക്കടവ്, തുറവൂർ, മലയാറ്റൂർ-നീലീശ്വരം എന്നീ എട്ട് പഞ്ചായത്തുകളിലേയും, നെടുംമ്പാശേരി, കാഞ്ഞൂർ, ശ്രീമൂലനഗരം എന്നീ മൂന്ന് അയൽ പഞ്ചായത്തുകളിലേയും പ്രവാസികളായി കുവൈറ്റിൽ വസിക്കുന്ന പ്രായപൂർത്തിയായ മലയാളികൾക്ക് സംഘടനയിൽ അംഗത്വമെടുക്കാവുന്നതാണ്.

d) മേൽ മുൻസിപ്പാലിറ്റിയിലും, പഞ്ചായത്തുകളിലും ജന്മനാൽ അംഗമായിട്ടുള്ളവർ പ്രത്യേക സാഹചര്യത്തിൽ മറ്റുസ്ഥലങ്ങളിലോട്ട് താമസം മാറുകയും ഈ സംഘടനയുടെ നിയമാവലിക്കനുസൃതമായി പ്രവർത്തിക്കുവാൻ തയ്യാറാവുകയുമാണെങ്കിൽ അവർക്കും സംഘടനയിൽ അംഗത്വമെടുക്കാവുന്നതാണ്. എന്നാൽ അവർക്ക് സംഘടനയിലെ ഭരണസമിതിയിലോ, ഉപദേശകസമിതിയിലോ അംഗമായിരിക്കാൻ സാധിക്കുകയില്ല. മറിച്ച് സംഘടനയുടെ മറ്റു എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

e) മേൽ മുൻസിപ്പാലിറ്റിയിലെയും, പഞ്ചായത്തുകളിലെയും വിവാഹിതരായി മറ്റുസ്ഥലങ്ങളിലോട്ട് പോയിട്ടുള്ള പെൺമക്കൾക്ക് സംഘടനയിൽ Auxiliary Membership



Scanned with CamScanner

എടുക്കാവുന്നതാണ്. ഇവർക്ക് സംഘടനയിലെ ഭരണസമിതിയിലോ, ഉപദേശകസമിതിയിലോ അംഗമായിരിക്കുന്നതിന് സാധിക്കുകയില്ല. എന്നാൽ സംഘടനയുടെ മറ്റു എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

f) മതരാഷ്ട്രീയ വിഭാഗീയ ചിന്തകൾക്കതീതമായി മറ്റു സംഘടനകളുമായി സൗഹാർദ്ദത്തിൽ സംഘടന പ്രവർത്തിക്കേണ്ടതാകുന്നു.

g) കുവൈത്ത് രാജ്യത്തിന്റെ നന്മക്കായും കുവൈത്ത് രാജ്യത്തിലെ നിയമങ്ങൾക്ക് വിധേയമായും സംഘടന പ്രവർത്തിക്കേണ്ടതാകുന്നു.

h) സംഘടന ഇൻഡ്യൻ എംബസിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാകുന്നു.

i) കാലാകാലങ്ങളിൽ അങ്കമാലി നിയമസഭാമണ്ഡലം ജനപ്രതിനിധി (MLA) ആയിരിക്കുന്ന വ്യക്തി സംഘടനയുടെ രക്ഷാധികാരി ആയിരിക്കുന്നതാണ്. സംഘടനാ പ്രവർത്തനത്തിന്റെ സംക്ഷിപ്ത വിവരണം രക്ഷാധികാരിയെ ധരിപ്പിക്കേണ്ട ചുമതല Ex-Officio യിൽ നിക്ഷിപ്തമാണ്.

2. സംഘടനയുടെ ഉദ്ദേശലക്ഷ്യത്തിനുവേണ്ടി നിയമാവലിക്കനുസൃതമായി അംഗത്വഫോം പൂരിപ്പിച്ച് K.D 1 പ്രവേശനഫീസോടെ ഫാമിലി, സിംഗിൾ എന്ന കണക്കിൽ അംഗത്വം എടുക്കാവുന്നതാണ്. വാർഷികവരിസംഖ്യയായി ഫാമിലി ആയിട്ടുള്ളവർ K.D 5/- ഉം, സിംഗിളായിട്ടുള്ളവർ K.D 2/- ഉം നൽകേണ്ടതാണ്. ഇപ്രകാരം വരിസംഖ്യ നൽകുന്നവർ സംഘടനയുടെ സജീവാംഗങ്ങളായിരിക്കുന്നതാണ്.

3. സംഘടനയുടെ പ്രവർത്തനവർഷം നവംബർ 1- മുതൽ ഒക്ടോബർ 31- വരെ ആയിരിക്കുന്നതാണ്. ജൂൺ 30-ന് മുൻപ് വാർഷികവരിസംഖ്യ നൽകാത്തവർക്ക് സജീവാംഗത്വം നഷ്ടപ്പെടുന്നതാണ്.

4. **<u>പൊതുയോഗം</u>**:

ഒക്ടോബർ 31-ന് മുൻപ് പൊതുയോഗം ചേർന്ന് നിയമാവലിക്കനുസൃതമായി പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കേണ്ടതാണ്. പൊതുയോഗത്തിൽ പ്രവർത്തനവർഷത്തെ റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതാണ്. പൊതുയോഗവിവരം (സ്ഥലം, സമയം) അംഗങ്ങളെ ഒരാഴ്ചമുൻപെങ്കിലും രേഖാമൂലം അറിയിക്കേണ്ടതാണ്.

5. **<u>ഭരണസമിതി</u>**:

a) സംഘടനയുടെ സുഗമമായ നടത്തിപ്പിനായി വാർഷിക പൊതുയോഗത്തിൽ നിന്നും പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ഓഫീസ് സെക്രട്ടറി, ജോയിന്റ്



Scanned with CamScanner

സെക്രട്ടറി, ട്രഷറർ, ജോയിന്റ് ട്രഷറർ എന്നിവരടങ്ങുന്ന 21 അംഗ ഭരണസമിതിയെ തെരഞ്ഞെടുക്കേണ്ടതാകുന്നു. ഈ 21 പേരിൽ അങ്കമാലി മുൻസിപ്പാലിറ്റിയിൽ നിന്നും, മറ്റ് 11 പഞ്ചായത്തുകളിൽ കൂടുതൽ അംഗങ്ങളുള്ള പഞ്ചായത്തുകളിൽ നിന്നും കുറഞ്ഞത് ഒരു ഭരണസമിതി അംഗമെങ്കിലും ഉണ്ടായിരിക്കേണ്ടതാകുന്നു. സംഘടനാ പ്രവർത്തനത്തിന്റെ കാര്യക്ഷമതയ്ക്കായി കഴിവതും അബ്ബാസിയായിൽ നിന്നും 8, സിറ്റിഫർവാനിയായിൽ നിന്നും 3, ഫഹാഹീലിൽ നിന്നും 7, സാൽമിയയിൽ നിന്നും 3 എന്നീ അനുപാതത്തിൽ ഭരണസമിതി അംഗങ്ങളെ എടുക്കേണ്ടതാണ്. പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തുകഴിഞ്ഞാൽ മുൻ സമിതിയുടെ അധികാരം തീരുന്നതും പുതിയഭരണസമിതിക്ക് അധികാര കൈമാറ്റം പൊതുയോഗത്തിൽ വച്ച് തന്നെ നടത്തേണ്ടതുമാകുന്നു.

b) പൊതുയോഗത്തിന് സജീവാംഗങ്ങളുടെ 25% എങ്കിലും ഹാജരുണ്ടായിരിക്കേണ്ടതാണ്. പൊതുയോഗസ്ഥലവും, സമയവും രേഖാമൂലം അറിയിച്ചതിനുശേഷം 25% അംഗങ്ങൾ ഹാജരാകാതെ വന്നാൽ ½ മണിക്കൂർ അധികസമയം നൽകി ഹാജരായവരെ വച്ച് പൊതുയോഗം നടത്താവുന്നതാണ്. ഇപ്രകാരം നടത്തുന്ന പൊതുയോഗ തീരുമാനം നിയമാനുസൃതം ആയിരിക്കുന്നതാണ്.

c) വാർഷിക വരവ് ചിലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് പൊതുയോഗത്തിൽ നിന്നും ഒരാളെ ആഡിറ്ററായി തെരഞ്ഞെടുക്കേണ്ടതാകുന്നു.

d) ഭരണസമിതിയിലോ, സംഘടനാംഗങ്ങളിലോ അപരിഹാര്യമായ എന്തെങ്കിലും കാര്യങ്ങൾ വന്നാൽ അത് പരിഹരിക്കുന്നതിനായി അഞ്ച് പേരടങ്ങുന്ന ഉപദേശകസമിതിയെ പൊതുയോഗം തെരഞ്ഞെടുക്കേണ്ടതാകുന്നു.

e) പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങൾ വഹിക്കുന്നവർ കുവൈറ്റിൽ പ്രവർത്തിക്കുന്ന ഇതരസംഘടനകളിൽ ഒരേ സമയത്ത് തുല്യസ്ഥാനങ്ങൾ വഹിക്കുവാൻ പാടുള്ളതല്ല. ഭരണസമിതിയിലെ മുഴുവൻ അംഗങ്ങളും സമാന പ്രവർത്തന ശൈലിയിലുള്ള മറ്റു സംഘടനകളിൽ ഒരേ സമയം ഭരണസമിതിയിൽ അംഗമായി പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു.

f) പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർ സംഘടനയിലെ ഇതര സബ് കമ്മിറ്റികളിൽ Ex-Officio ആയിരിക്കുന്നതാണ്. സബ് കമ്മിറ്റികൾ കൂടുമ്പോൾ ഇവരിൽ ഒരാളുടെയെങ്കിലും സാന്നിദ്ധ്യം ഉണ്ടായിരിക്കേണ്ടതാണ്.

6. a) **ഭരണസമിതി**:

നിയമാവലിക്കനുസൃതമായി സംഘടനാപ്രവർത്തനങ്ങൾക്കു വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുവാനും, തീരുമാനങ്ങൾ നടപ്പാക്കുവാനുമുള്ള ഉത്തരവാദിത്വം 21 അംഗ ഭരണസമിതിക്കായിരിക്കും. Ex-Officio അംഗങ്ങൾ ഒഴിച്ച് ബാക്കിവരുന്ന 18-അംഗങ്ങളിൽ 6 അംഗങ്ങൾ വീതം Arts, Social Welfare, Volunteer എന്നീ മൂന്ന് സബ് കമ്മിറ്റികളിൽ



Scanned with CamScanner

അംഗങ്ങളായിരിക്കേണ്ടതാകുന്നു. ഭരണസമിതി രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്ന് സംഘടനാപ്രവർത്തനങ്ങളെപ്പറ്റി ചർച്ചചെയ്ത് വേണ്ട തീരുമാനങ്ങൾ എടുക്കേണ്ടതാണ്. ഭരണസമിതി യോഗങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ 21 ൽ 14 അംഗങ്ങൾ ഹാജരുണ്ടായിരിക്കേണ്ടതാകുന്നു. രേഖാമൂലം ഒരംഗം അവധിക്കപേക്ഷിക്കുകയാണെങ്കിൽ ആ വിവരം ജനറൽ സെക്രട്ടറി ഭരണസമിതി യോഗത്തിനുമുമ്പായി യോഗത്തെ അറിയിച്ച്, യോഗം ചേരുവാനുള്ള ക്വാറത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഒരു ഭരണസമിതിയംഗം തുടർച്ചയായി മൂന്നുപ്രാവശ്യം ആവശ്യമായ കാരണങ്ങൾ കൂടാതെ ഭരണസമിതിയോഗത്തിൽ പങ്കെടുക്കാതെ വന്നാൽ ആ അംഗത്തെ ഭരണസമിതിയിൽ നിന്നും നീക്കി പുതിയ അംഗത്തെ ഭരണസമിതിയുടെ ഭൂരിപക്ഷ തീരുമാനത്തിൽ എടുക്കാവുന്നതാണ്. ഇപ്രകാരം നീക്കപ്പെടുന്ന വിവരവും പുതിയ അംഗത്തെ എടുക്കുന്ന കാര്യവും ഉപദേശകസമിതിയേയും അംഗങ്ങളെയും രേഖാമൂലം അറിയിക്കേണ്ടതാകുന്നു. ഇപ്രകാരം നീക്കപ്പെടുന്ന അംഗത്തിന് നീക്കപ്പെടുന്ന നാൾ മുതൽ 5-വർഷത്തേയ്ക്ക് സംഘടനയുടെ ഭരണസമിതിയിലോ, ഉപദേശകസമിതിയിലോ പ്രവർത്തിക്കുവാൻ സാദ്ധ്യമല്ലാത്തതാകുന്നു. ഒരംഗം തുടർച്ചയായി മൂന്ന് വർഷത്തിൽ കൂടുതൽ ഭരണസമിതിയിലോ, ഉപദേശകസമിതിയിലോ അംഗമായിരിക്കുവാൻ പാടുള്ളതല്ല.

b) അംഗങ്ങൾ പരസ്പരം അറിയുന്നതിനും, അംഗങ്ങളുടേയും കുട്ടികളുടേയും കലാകായികവാസനകളെ പ്രേത്സാഹിപ്പിക്കുന്നതിനും വർഷത്തിൽ മൂന്നു കുടുംബസമ്മേളനം എങ്കിലും സങ്കടിപ്പിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം സമ്മേളനങ്ങളിൽ പുതുവർഷം ഓണം എന്നീ ആഘോഷങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതാണ്. സജീവാംഗങ്ങൾക്കും അവരുടെ കുട്ടികൾക്കും മാത്രമേ കലാകായിക മത്സരങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.

7. a) <u>Volunteer Committee.</u>

വൈസ് പ്രസിഡണ്ട് അദ്ധ്യക്ഷനായുള്ള സന്നദ്ധസേവനസമിതിയിൽ ഭരണസമിതിയിലെ 5 അംഗങ്ങളെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്. ആവശ്യമെങ്കിൽ 5 അംഗങ്ങളെക്കൂടി ഭരണസമിതിയുടെ അറിവോടും അംഗീകാരത്തോടും കൂടി Co- opt ചെയ്യാവുന്നതാണ്. സംഘടനയുടെ പൊതുപരിപാടികൾക്കുവേണ്ട വേദി കണ്ടെത്തുക, വേദി പരിപാടികൾക്കായി സജ്ജീകരിക്കുക, പരിപാടികളിൽ വേണ്ട അച്ചടക്കപരിപാലനം നടത്തുക, ഭരണസമിതി തീരുമാനിക്കുന്ന ഇതര ജോലികൾ നിർവഹിക്കുക എന്നിവ Volunteer Committee യുടെ ഉത്തരവാദിത്വങ്ങളിൽപ്പെടുന്നു. വൈസ് പ്രസിഡണ്ടിന്റെ അഭാവത്തിൽ ഭരണസമിതിയിൽപ്പെട്ട 5 അംഗങ്ങളിൽ പ്രായത്തിൽ Senior ആയിട്ടുള്ള ആൾ മേൽ സമിതിയുടെ അദ്ധ്യക്ഷനായി പ്രവർത്തിക്കേണ്ടതാണ്.

b) <u>Arts Committee</u>

ജോയിന്റ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കലാസമിതിയിൽ ഭരണസമിതിയിലെ 5 അംഗങ്ങളെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്. ആവശ്യമെങ്കിൽ 5 അംഗങ്ങളെക്കൂടി ഭരണസമിതിയുടെ അറിവോടും അംഗീകാരത്തോടും കൂടി Co- opt ചെയ്യാവുന്നതാണ്.



Scanned with CamScanner

മുതിർന്നവരുടേയും കുട്ടികളുടേയും കായികവും, കലാപരവുമായ കഴിവുകളെ വികസിപ്പിക്കുന്നതിന് അവസരങ്ങളൊരുക്കുക, പൊതു പരിപാടികളിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് വേണ്ട മേൽനോട്ടം വഹിക്കുക എന്നിവ കലാസമിതിയുടെ ഉത്തരവാദിത്വമാകുന്നു. കലാപരിപാടികൾ വ്യക്തികളെയോ സമൂഹത്തെയോ വിമർശിക്കുന്ന വിധത്തിലോ, വേദനിപ്പിക്കുന്ന വിധത്തിലോ പാടില്ലെന്ന് ഉറപ്പുവരുത്തേണ്ടത് കലാസമിതിയുടെ പരിധിയിൽപ്പെടുന്നു. ജോയിന്റ് സെക്രട്ടറിയുടെ അഭാവത്തിൽ ഓഫീസ് സെക്രട്ടറി മേൽ സമിതിയുടെ അദ്ധ്യക്ഷനായി പ്രവർത്തിക്കേണ്ടതാണ്.

c) <u>Social Welfare Committee</u>

ജോയിന്റ് ട്രഷറർ അദ്ധ്യക്ഷനായുള്ള സോഷ്യൽ വെൽഫെയർ സമിതിയിൽ ഭരണസമിതിയിലെ 5 അംഗങ്ങളെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്. ആവശ്യമെങ്കിൽ 5 അംഗങ്ങളെക്കൂടി ഭരണസമിതിയുടെ അറിവോടും അംഗീകാരത്തോടും കൂടി Co- opt ചെയ്യാവുന്നതാണ്. സംഘടനയുടെ പൊതുപരിപാടികളിൽ ഭക്ഷണപാനീയങ്ങൾ ഒരുക്കുന്നതിനും, അവ നൽകുന്നതിനും മേൽനോട്ടം വഹിക്കേണ്ടത് ഈ സമിതിയുടെ ചുമതലയാകുന്നു. സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തേണ്ടതും സോഷ്യൽ വെൽഫെയർ സമിതിയുടെ ഉത്തരവാദിത്വമാകുന്നു. ജോയിന്റ് ട്രഷററുടെ അഭാവത്തിൽ ഭരണസമിതിയിൽപ്പെട്ട 5 അംഗങ്ങളിൽ പ്രായത്തിൽ Senior ആയിട്ടുള്ള ആൾ മേൽ സമിതിയുടെ അദ്ധ്യക്ഷനായി പ്രവർത്തിക്കേണ്ടതാണ്.

d) <u>ജീവകാരുണ്യ പ്രവർത്തനം</u>

അംഗങ്ങളോ അവരുടെ ആശ്രിതരോ രോഗശയ്യയിലായിരിക്കുമ്പോൾ അവരെ സന്ദർശിച്ച് സമാശ്വസിപ്പിക്കുക, അംഗങ്ങളോ അവരുടെ ആശ്രിതരോ ഇവിടെ വച്ച് മരണപ്പെട്ടാൽ മൃതദ്ദേഹം നാട്ടിൽ എത്തിക്കുവാൻ വേണ്ട സഹായസഹകരണം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ സോഷ്യൽ വെൽഫെയർ സമിതിയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാകുന്നു.

അംഗങ്ങൾ സ്ഥിരതാമസത്തിനായി കുവൈറ്റ് വിട്ടുപോകുന്നതിനു മുൻപ് ഇവിടെ വച്ച് മരണപ്പെട്ടാൽ അവരുടെ കുടുംബത്തിന് സഹായം ആവശ്യമാണെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടാൽ സംഘടനാംഗങ്ങളിൽ നിന്നും ഒരു നിശ്ചിത തുകവച്ച് സമാഹരിച്ച് കുടുംബത്തിന് നൽകേണ്ടതാകുന്നു. ഇപ്രകാരം രണ്ടുലക്ഷത്തിനു മേൽ നൽകുന്ന സഹായം പൊതുയോഗത്തിന്റെ അംഗീകാരത്തോടെ മാത്രമേ നൽകാവൂ.

ഇവിടെയും നാട്ടിലും, പ്രത്യേകിച്ച് അങ്കമാലി നിയമസഭാ മണ്ഡലത്തിൽ വസിക്കുന്ന നിർദ്ധനരായവർക്ക് ഭവനനിർമാണം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്ക് കഴിയുന്ന സഹായം നൽകേണ്ടതാകുന്നു. ഇതിനായി ഭരണസമിതിയുടെ കൂട്ട ഉത്തരവാദിത്വത്തിൽ ഒരു ചാരിറ്റി ഫണ്ട് സ്വരൂപിക്കുകയും ചെയ്യേണ്ടതാകുന്നു. സഹായം വ്യക്തികൾക്ക് മാത്രമേ നൽകാവൂ. 50000/- രൂപയ്ക്കുമേൽ സഹായം നൽകണമെങ്കിൽ പൊതുയോഗത്തിന്റെ അംഗീകാരം ഉണ്ടായിരിക്കേണ്ടതാകുന്നു.



Scanned with CamScanner

e) Co- opt ചെയ്തിട്ടുള്ള അംഗങ്ങൾ Co- opt ചെയ്യപ്പെടുന്ന സമിതികളിൽ മാത്രം അംഗങ്ങളായിരിക്കുന്നതാണ്

8. **ഭരണസമിതി ഭാരവാഹികളുടെ ചുമതലകൾ**

a) **പ്രസിഡണ്ട്**: പൊതുയോഗങ്ങൾ, ഭരണസമിതി യോഗങ്ങൾ എന്നിവയിൽ അദ്ധ്യക്ഷം വഹിക്കുക, യോഗ തീരുമാനങ്ങൾ വീഴ്ചകൾ കൂടാതെ നടപ്പാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നിവ പ്രസിഡണ്ടിന്റെ ചുമതലയാകുന്നു. നിയമാവലിക്കനുസൃതമായി സംഘടനയെ നയിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുക, പൊതുവേദികളിൽ സംഘടനയെ പ്രതിനിധീകരിക്കുകയും, സംഘടനയുടെ നയങ്ങൾക്കനുസൃതമായി സന്ദേശങ്ങൾ നൽകുകയും ചെയ്യുക.

b) **വൈസ് പ്രസിഡണ്ട്**: പ്രസിഡണ്ടിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതലകൾ വഹിക്കുകയും, ഈ നിയമാവലി 7(a) യിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിർവഹിക്കുകയും ചെയ്യുക എന്നിവ വൈസ് പ്രസിഡണ്ടിന്റെ ചുമതലയാകുന്നു

c) **ജനറൽ സെക്രട്ടറി**: ഭരണസമിതിയോഗം, പ്രസിഡണ്ടിന്റെ അറിവോടും, അംഗീകാരത്തോടും കൂടിയും പൊതുയോഗം, ഭരണസമിതിയുടെ അംഗീകാരത്തോടു കൂടിയും വിളിച്ചു ചേർക്കുക, യോഗനടപടികളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ച് അംഗീകാരം നേടുക, സർക്കുലറുകൾ, സംഘടനാ പ്രസിദ്ധീകരണങ്ങൾ, ഔദ്യോഗിക കത്തിടപാടുകൾ നടത്തുക എന്നിവ ജനറൽ സെക്രട്ടറിയുടെ ചുമതലയാകുന്നു. സംഘടനയുടെ വെബ്സൈറ്റിന്റെ ഉത്തരവാദിത്വം നിർവഹിക്കുക (ഇതിനായി ഭരണസമിതിയുടെ അംഗീകാരത്തോടെ പുറത്തുനിന്നും വ്യക്തികളുടെ സഹായം തേടാവുന്നതാണ്) എന്നതും ജനറൽ സെക്രട്ടറിയുടെ ജോലിയിൽപ്പെടുന്നു.

d) **ഓഫീസ് സെക്രട്ടറി**: അംഗങ്ങളുടെ അപേക്ഷാഫോറം പരിശോധിച്ച് രജിസ്ട്രേഷൻ നമ്പർ നൽകുക, അപേക്ഷാഫോറം സൂക്ഷിക്കുക, പൊതുയോഗം, ഭരണസമിതിയോഗം എന്നിവയുടെ മിനിറ്റ്സ് എഴുതി റിപ്പോർട്ട് എഴുതുവാൻ ജനറൽ സെക്രട്ടറിയെ സഹായിക്കുക, സംഘടനയുടെ വെബ്സൈറ്റിന്റെ ദൈനംദിന അപ്ഡേഷൻ നിർവഹിക്കുവാൻ ജനറൽ സെക്രട്ടറിയെ സഹായിക്കുക, ജനറൽ സെക്രട്ടറിയുടേയും, ജോയിന്റ് സെക്രട്ടറിയുടേയും അഭാവത്തിൽ അവരുടെ ജോലികൾ നിർവഹിക്കുക.

e) **ജോയിന്റ് സെക്രട്ടറി**: ജനറൽ സെക്രട്ടറിയുടെടേയും, ഓഫീസ് സെക്രട്ടറിയുടേയും അഭാവത്തിൽ അവരുടെ ജോലി നിർവഹിക്കുക, ഈ നിയമാവലി 7(b) യിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിർവഹിക്കുകയും ചെയ്യുക എന്നിവ ജോയിന്റ് സെക്രട്ടറിയുടെ ചുമതലയാകുന്നു.

f) **ട്രഷറർ**: സംഘടനയുടെ വരവു ചിലവു കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുക ട്രഷററുടെ ചുമതലയാണ്. സംഘടനയുടെ പണം സൂക്ഷിക്കുക ഉൾപ്പെടെ സകല പണമിടപാടുകളും ട്രഷറർ മുഖേന മാത്രമേ ചെയ്യാവൂ. വരവു ചിലവു കണക്കുകൾ



Scanned with CamScanner

ഭരണസമിതിയോഗങ്ങളിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതും ഭരണസമിതിയുടെ തീരുമാനപ്രകാരം മാത്രം പണം കൈകാര്യം ചെയ്യേണ്ടതുമാണ്. അംഗങ്ങൾ നൽകുന്ന പ്രവേശനഫീസ് സ്ഥിരഫണ്ടായി ബാങ്കിൽ സൂക്ഷിക്കേണ്ടതാകുന്നു. ആവശ്യമെങ്കിൽ ഭരണസമിതിയുടെ അംഗീകാരത്തോടെ സംഘടനാ ചിലവുകൾക്കായി ഈ ഫണ്ടിൽ നിന്നും നിശ്ചിത തുക ലോൺ ആയി ട്രഷറർക്ക് എടുക്കാവുന്നതും, വാർഷിക പൊതുയോഗത്തിനു മുമ്പായി ലോൺ തിരിച്ചടക്കേണ്ടതുമാകുന്നു. സംഘടനാഫണ്ടിൽ ഭരണസമിതി തീരുമാനിക്കുന്ന ഒരു നിശ്ചിത തുക കഴിച്ച് ബാക്കി വരുന്ന തുക അതതു കാലങ്ങളിൽ ബാങ്കിൽ സൂക്ഷിച്ചു രേഖകൾ ഭരണസമിതിയോഗങ്ങളിൽ ഹാജരാക്കേണ്ടതാകുന്നു. സംഘടനയുടെ Assets രേഖകളോടെ സൂക്ഷിക്കേണ്ടതും ട്രഷററുടെ ചുമതലയാകുന്നു. ഓഡിറ്റിനുവേണ്ട രേഖകൾ ഭരണസമിതിയുടെ അംഗീകാരത്തോടെ ഒക്ടോബർ 15-ന് മുമ്പ് ഓഡിറ്ററെ ഏല്പിക്കേണ്ടതും ട്രഷററുടെ ഉത്തരവാദിത്വമാകുന്നു.

g) **ജോയിന്റ് ട്രഷറർ**: ട്രഷററുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ ജോലികൾ നിർവഹിക്കുക. ഈ നിയമാവലി 7(c) യിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിർവഹിക്കുകയും ചെയ്യുക എന്നിവ ജോയിന്റ് ട്രഷററുടെ ചുമതലയാകുന്നു.

h) അടിയന്തിരഘട്ടത്തിൽ KD 250/- വരെ Ex- officio യുടെ കൂട്ടായ തീരുമാനപ്രകാരം ചിലവഴിക്കാവുന്നതും, അടുത്തുവരുന്ന ഭരണസമിതി യോഗത്തിൽ ഇക്കാര്യം അവതരിപ്പിച്ചു അംഗീകാരം തേടേണ്ടതുമാകുന്നു.

9. a) **ഉപദേശകസമിതി**:

അംഗങ്ങളുടെയോ, ഭരണസമിതിയംഗങ്ങളുടെയോ, രേഖാമൂലമുള്ള പരാതികൾ ഭരണസമിതിയിൽ തീർപ്പാക്കുവാൻ കഴിയാതെ വരുമ്പോൾ മാത്രം ഭരണസമിതിയുടെ ഭൂരിപക്ഷ തീരുമാനപ്രകാരം പരാതി ഉപദേശകസമിതി ചെയർമാന് കൈമാറേണ്ടതാകുന്നു. ഇപ്രകാരം ലഭിക്കുന്ന പരാതികൾ, പരാതികൾ ലഭിച്ച് 30-ദിവസത്തിനകം ഉപദേശകസമിതി തീർപ്പാക്കേണ്ടതാകുന്നു. പരാതികൾ നൽകുന്നവർ ജനറൽ സെക്രട്ടറിയിൽ നിന്നും രേഖാമൂലം രസീത് കൈപ്പറ്റേണ്ടതാകുന്നു. ഭരണസമിതിയംഗങ്ങൾക്ക് പരാതികൾ തീർപ്പാകും വരെ അവരവരുടെ സ്ഥാനങ്ങളിൽ തുടരാവുന്നതാണ്.. ഭരണസമിതിയിൽ തീർപ്പാകാതെ ഉപദേശകസമിതി ചെയർമാന് രേഖാമൂലം ലഭിക്കുന്ന പരാതികൾ ഉപദേശകസമിതി ചേർന്ന് നിയമാവലിക്കും, മാനുഷികമൂല്യങ്ങൾക്കും അനുസൃതമായി തീർപ്പാക്കേണ്ട ചുമതല ഉപദേശകസമിതിക്കായിരിക്കുന്നതാണ്. ഉപദേശകസമിതിതീരുമാനം അന്തിമമായിരിക്കുന്നതാണ്. ചെയർമാന്റെ അഭാവത്തിൽ പ്രായത്തിൽ Senior ആയിട്ടുള്ള ആൾ തൽസ്ഥാനം വഹിക്കേണ്ടതാണ്.

b) **തെരഞ്ഞെടുപ്പ്**:

വാർഷിക പൊതുയോഗത്തിൽ 21 അംഗ ഭരണസമിതി, ഓഡിറ്റർ, ഉപദേശകസമിതി എന്നീ തെരഞ്ഞെടുപ്പിനായി പൊതുയോഗം 3 പേരടങ്ങുന്ന തെരഞ്ഞെടുപ്പു കമ്മീഷനെ



Scanned with CamScanner

നിയോഗിക്കേണ്ടതാകുന്നു. ഈ മൂന്നുപേരിൽ ഒരാൾ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറുടെ ചുമതല വഹിക്കേണ്ടതും തെരഞ്ഞെടുപ്പോടുകൂടി ഇവരുടെ അധികാരം തീരുന്നതുമായിരിക്കും

ജൂൺ 30-ന് മുൻപ് വാർഷികവരിസംഖ്യ നൽകിയിട്ടുള്ള ഫാമിലി അംഗങ്ങളിൽ ഭാര്യയ്ക്കും, ഭർത്താവിനും, സിംഗിൾ വരിസംഖ്യ നൽകിയിട്ടുള്ള അംഗങ്ങൾക്കും പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനും മേൽ സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. പ്രസിഡണ്ടു സ്ഥാനത്തേയ്ക്കു ഒന്നിൽ കൂടുതൽ പേർ മത്സരിക്കുവാൻ വരികയും, സമവായത്തിലൂടെ ഒരാളെ കണ്ടെത്തുവാൻ കഴിയാതെ വരികയും വന്നാൽ മത്സരത്തിനു വരുന്ന പ്രസിഡണ്ടു സ്ഥാനാർത്ഥികളോടു 21 പേരുടെ പാനൽ സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതും, പാനലുകളെ രഹസ്യ ബാലറ്റിലൂടെ തെരഞ്ഞെടുക്കേണ്ടതുമാകുന്നു. ഇത്തരം സന്ദർഭങ്ങളിൽ ആവശ്യമെങ്കിൽ തെരഞ്ഞെടുപ്പ് കമ്മീഷനും സമ്മദിദാനാവകാശം വിനിയോഗിക്കാവുന്നതാണ്. പ്രസിഡണ്ടു ഒഴികെയുള്ള സ്ഥാനങ്ങളിലേക്ക് ഒന്നിൽ കൂടുതൽ പേർ മത്സരിക്കുവാൻ വരികയും, സമവായത്തിലൂടെ ഒരാളെ കണ്ടെത്തുവാൻ കഴിയാതെ വരികയും വന്നാൽ ശബ്ദവോട്ടോടെ ഒരാളെ തിരഞ്ഞെടുക്കേണ്ടതാണ്.

ഉപദേശകസമിതിയിൽ സമവായത്തിലൂടെ ചെയർമാനെ തെരഞ്ഞെടുക്കാൻ കഴിയാതെ വന്നാൽ പ്രായത്തിൽ Senior ആയിട്ടുള്ള ആളെ ചെയർമാനായി പ്രഖ്യാപിക്കേണ്ടതുമാകുന്നു. ഉപദേശകസമിതിയംഗം 40 വയസ്സിനു മേൽ പ്രായമുള്ള ആൾ ആയിരിക്കേണ്ടതാകുന്നു.

പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ബാലൻസ് തുകയുൾപ്പെടെ എല്ലാരേഖകളും, Assets ഉം തെരഞ്ഞെടുപ്പ് കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ പൊതുയോഗത്തിൽ വച്ച് കൈമാറ്റം നടത്തേണ്ടതാകുന്നു.

19_11_2010 ന് അബ്ബാസിയ ഹൈഡൈൻ ഓഡിറ്റോറിയത്തിൽ വച്ച് കൂടിയ സംഘടനയുടെ 1_ാമത് പൊതുയോഗത്തിൽ ഈ നിയമാവലി വായിച്ച് പൊതുയോഗം ഐക്യകണ്ഠേന പാസ്സാക്കിയിട്ടുള്ളതാകുന്നു. ഇൻഡ്യൻ എംബസിയിൽ നൽകുവാൻ ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ ചെയ്തിട്ടുള്ളതുമാകുന്നു. ഈ നിയമാവലിയിൽ എന്തെങ്കിലും ഭേദഗതികൾ ചെയ്യണമെങ്കിൽ രേഖാമൂലം അംഗങ്ങളെ അറിയിച്ച്, പൊതുയോഗത്തിന്റെ ഭൂരിപക്ഷ തീരുമാനപ്രകാരം മാത്രമേ ചെയ്യാവൂ.



Scanned with CamScanner